**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 22 08.02.2016-ന് മറുപടി നൽകേണ്ടത്

## പ്രധാനമന്ത്രിയുടെ ആദ്യ കേരള സന്ദർശനത്തിൽ നൽകിയ നിവേദനം

**ചോദ്യം** **ഉത്തരം**

ശ്രീ. ശ്രീ.ജി.സുധാകരൻ
" വി.ചെന്താമരാക്ഷൻ
" ബി.സത്യൻ
" ഇ.പി.ജയരാജൻ

ശ്രീ. ഉമ്മൻചാണ്ടി
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | പ്രധാനമന്ത്രിയുടെ ആദ്യ കേരള സന്ദർശന വേളയിൽ സംസ്ഥാനത്തിന്റെ എന്തെല്ലാം ആവശ്യങ്ങൾ സർക്കാർ ശ്രദ്ധയിൽ കൊണ്ടുവരികയുണ്ടായി; ഇതിനായി, കൂടിക്കാഴ്ച നടത്തിയത് എവിടെ വച്ചായിരുന്നു; | (എ) | 2015 ഡിസംബർ 14, 15 തീയതികളിലാണ് പ്രധാനമന്ത്രി കേരളത്തിലുണ്ടായിരുന്നത്. 15-ാം തീയതി വൈകുന്നേരം 5.20 മുതൽ 5.40 വരെയുള്ള സമയത്തിലാണ് മുഖ്യമന്ത്രിയും മന്ത്രിസഭാംഗങ്ങളും തിരുവനന്തപുരത്ത് വച്ച് പ്രധാനമന്ത്രിയുമായി കൂടിക്കാഴ്ച നടത്തിയത്. കേരളത്തിന്റെ പൊതുവായ ആവശ്യങ്ങൾ മുഖ്യമന്ത്രി നിവേദനത്തിലൂടെ പ്രധാനമന്ത്രിക്ക് സമർപ്പിക്കുകയുണ്ടായി. അവ ചുവടെ ചേർക്കുന്നു.<br>1. മുല്ലപ്പെരിയാർ ഡാമുമായി ബന്ധപ്പെട്ട വിഷയങ്ങൾ<br>2. കസ്തൂരി രംഗൻ റിപ്പോർട്ടിന്റെ അന്തിമ നോട്ടിഫിക്കേഷൻ സംബന്ധിച്ച വിഷയങ്ങൾ<br>3. ശബരിമലയെ ദേശീയ തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിക്കൽ<br>4. റബ്ബർ കർഷകരുടെ പ്രശ്നങ്ങൾ<br>5. സംസ്ഥാനത്തേയ്ക്കുള്ള ഭക്ഷ്യധാന്യ ലഭ്യത 14.25 ലക്ഷം മെട്രിക് ടണ്ണിൽ നിന്നും 16.25 ലക്ഷം മെട്രിക് ടണ്ണായി ഉയർത്തുക<br>6. 2013-ലെ ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം നടപ്പാക്കുമ്പോൾ അനാഥരുടെയും സാമൂഹ്യക്ഷേമ സ്ഥാപനങ്ങളുടെയും താത്പര്യം സംരക്ഷിക്കുക<br>7. പാലക്കാട് റെയിൽ കോച്ച് ഫാക്ടറി<br>8. കേരളത്തിലെ സബർബൻ റയിൽവേ<br>9. വയനാട് ജില്ലയിലെ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പുനരധിവാസത്തിന് സാമ്പത്തിക സഹായം<br>10. കേരളത്തിൽ എയിംസ് (AIIMS) അനുവദിക്കുക<br>11. നിലമ്പൂർ-നഞ്ചംകോട് റെയിൽവേ ലൈൻ<br>12. തിരുവനന്തപുരത്തുള്ള ആർ.സി.സി.യെ നാഷണൽ കാൻസർ സെന്ററായി ഉയർത്തുക<br>13. മലബാർ കാൻസർ സെന്ററിനെ റീജിയണൽ കാൻസർ സെന്ററായി ഉയർത്തുക<br>14. കേരളത്തിൽ 'എയർ കേരള എക്സ്പ്രസ്' നടത്തിപ്പ് സംബന്ധിച്ച്<br>15. ഗൾഫ് സെക്ടറിലേയ്ക്കുള്ള യാത്രാക്കൂലിയുടെ നിയന്ത്രണം. |
| (ബി) | രണ്ടു ദിവസം കേരളത്തിലുണ്ടായിരുന്ന പ്രധാനമന്ത്രിയുമായി കൂടിക്കാഴ്ചയ്ക്ക് മന്ത്രിമാർക്ക് എത്ര സമയം അനുവദിച്ചു കിട്ടി; ആവശ്യങ്ങൾ എല്ലാം ബോധിപ്പിക്കാൻ സാദ്ധ്യമായോ; | (ബി) | |

| | | | |
|---|---|---|---|
| | | | 16. പാലോട് JNTBGRI കേന്ദ്ര സർക്കാർ ഏറ്റെടുക്കുന്നത് സംബന്ധിച്ച് |
| സി) | കൂടിക്കാഴ്ചയിൽ മന്ത്രിമാർ മുന്നോട്ടുവച്ച എന്തെല്ലാം കാര്യങ്ങളിൽ പ്രധാനമന്ത്രിയിൽ നിന്നും ഉറപ്പ് ലഭിച്ചിട്ടുണ്ട്; | (സി) യും (ഡി) യും | സംസ്ഥാനം വിവിധ നിവേദനങ്ങളിലൂടെ ഉന്നയിച്ച എല്ലാ ആവശ്യങ്ങൾക്കും അനുഭാവപൂർണ്ണമായ സമീപനമാണ് കേന്ദ്രസർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടായത്. ഈ നിവേദനത്തിൽ ആവശ്യപ്പെട്ടവയിൽ പാലക്കാട് കോച്ച് ഫാക്ടറിയ്ക്ക് മുൻപേ തന്നെ അനുകൂലമായ പ്രതികരണം ലഭിച്ചിട്ടുണ്ട്. സംസ്ഥാനം മുന്നോട്ടുവച്ച മറ്റ് ആവശ്യങ്ങൾ കേന്ദ്ര സർക്കാരിന്റെ സജീവ പരിഗണനയിലാണ്. അവ അനുഭാവപൂർവ്വം പരിഗണിക്കുമെന്ന് ഉറപ്പ് ലഭിച്ചിട്ടുണ്ട്. |
| ഡി) | നിവേദനത്തിലെ ഏതെങ്കിലും ആവശ്യത്തിന്മേൽ പിന്നീട് തീരുമാനം ലഭിക്കുകയുണ്ടായിട്ടുണ്ടോ; | | |
| ഇ) | പ്രധാനമന്ത്രിയുടെ സംസ്ഥാനത്തെ സന്ദർശനവുമായി ബന്ധപ്പെട്ട് തനിക്കുണ്ടായ അപമാനത്തിലുള്ള പ്രതിഷേധം കൂടിക്കാഴ്ചാവേളയിൽ മുഖ്യമന്ത്രി രേഖാമൂലം അറിയിക്കുകയുണ്ടായോ? | (ഇ) | കൂടിക്കാഴ്ചയിൽ അദ്ദേഹത്തിനോട് നേരിട്ട് അറിയിച്ചു. |

സെക്ഷൻ ഓഫീസർ